ഐ.സി2-38402/18.

ചീഫ്എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി -12-10-2020.

# നോട്ടീസ്.

വിഷയം-ജലസേചനം-ജീവനക്കാര്യം-ശ്രീ.സജിത്ത്.കെ.ആർ.ഡ്രൈവർ ഗ്രേഡ്-1-ന്റെ സീനിയോറിറ്റി മുൻകാല പ്രാബല്യത്തോടെ നിലവിലെ താത്കാലിക മുൻഗണനാ പട്ടികയിൽ പുന. ക്രമീകരിക്കുന്നത്-സംബന്ധിച്ച്.

സൂചന- 1.10/8/2018-ലെ ഐസി2-9609/18-ാം നമ്പർ ഉത്തരവ്.
2.തൃശ്ശൂർ കെ.പി.എസ്.സി. ജില്ലാഓഫീസറുടെ 15/7/20-ലെ RIV(3)3796/06-ാം നമ്പർ കത്ത്.
3.തൃശ്ശൂർ.ഇറിഗേഷൻസെൻട്രൽസർക്കിൾസൂപ്രണ്ടിംഗ്എഞ്ചിനീയറുടെ 30/10/18-ലെ ഇ4-6200/17-ാം നമ്പർ കത്ത്.

സൂചന(1)പ്രകാരം പ്രസിദ്ധീകരിച്ച ഡ്രൈവർമാരുടെ 01/01/2018 വരെയുള്ള ഏകീകരിച്ച താത്കാലിക മുൻഗണനാ പട്ടികയിൽ ക്രമ നം.104 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.സജിത്ത്.കെ.ആർ.10/2/2011-ന് റവന്യൂവകുപ്പിലേക്ക് നിയമനശിപാർശചെയ്യപ്പെട്ട വ്യക്തിയാണ്.നിയമനംനൽകുന്നതിനായിഉദ്ദേശിച്ച ഓഫീസ് നിർത്തലാക്കിയതിനാൽ അതേ തീയതിയിലെ Earliest Effective Advice ആനുകൂല്യം നൽകി ജലസേചന വകുപ്പിലേക്ക് 4/8/2011-ന് ടിയാന് നിയമനശിപാർശ ലഭിച്ചിരുന്നു. ആയതിനാൽ ടിയാന് 10/2/2011 പ്രാബല്യത്തിൽ സീനിയോറിറ്റി ലഭിക്കുന്നതിനായി സൂചന(3)പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയും അതോടൊപ്പം ഹാജരാക്കിയിട്ടുള്ള അനുബന്ധരേഖകളും പരിശോധിച്ചതിൽനിന്നും ടിയാനെ മേൽപറഞ്ഞ താത്കാലിക മുൻഗണനാപട്ടികയിൽ ക്രമപ്പെടുത്താവുന്നതാണ് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സൂചന(2)പ്രകാരം ലഭിച്ചിട്ടുള്ള നിയമനശിപാർശ ക്രമമനുസരിച്ച് ടിയാനെ സൂചന(1)പ്രകാരമുള്ള താത്കാലിക മുൻഗണനാപട്ടികയിൽ ക്രമ നം.63 ആയ ശ്രീ.ജോസ്.വി.ഒ.യ്ക്ക് ശേഷം ക്രമ നം.64 ആയി ഉൾപ്പെടുത്താവുന്നതാണ്.

ഇതിന്മേൽ ഏതെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീ.സജിത്ത് കെ.ആർ.ന്റെ സീനിയോറിറ്റി ക്രമം മേൽപറഞ്ഞ താത്കാലിക മുൻഗണനാപട്ടികയിൽ പുന.ക്രമീകരിച്ച് ക്രമ നമ്പർ 64 ആയി അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്
ചീഫ്എഞ്ചിനീയർ.

പകർപ്പ്- 1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഐ.ടി.സെൽ.
(നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.